<u>**15 -ാം കേരള നിയമസഭ**</u>

<u>**4 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2567**</u> <u>**17-03-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ പ്രവർത്തിക്കാത്ത യൂണിറ്റുകൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലം കരസ്ഥമാക്കിയ ശേഷം പ്രവർത്തിക്കാത്ത യൂണിറ്റുകൾക്ക് പകരം യൂണിറ്റുകൾ ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | വ്യവസായ വകുപ്പിനു കീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന വ്യവസായ എസ്റ്റേറ്റുകളിൽ സ്ഥലം കരസ്ഥമാക്കിയ ശേഷം പ്രവർത്തനം ആരംഭിക്കാത്തതും നിലവിൽ പ്രവർത്തിക്കാത്തതുമായ വ്യവസായ സംരംഭങ്ങൾക്ക് അനുവദിച്ച സ്ഥലം തിരിച്ചെടുത്ത് അർഹരായ യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുള്ള താണ്. എന്നാൽ ഇവയിൽ ചില യൂണിറ്റുകൾ തിരിച്ചെടുക്കൽ നടപടിയ്ക്കെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള പാപ്പനംകോട് വ്യവസായ എസ്റ്റേറ്റിലെ മെ. ജനറൽ മെറ്റൽസ്, മെ. നോട്ടിക്കൽ ലൈൻസ് എന്നീ വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഷെഡ്ഡുകൾ സ്ഥാപനങ്ങൾ പ്രവർത്തന രഹിതമായിതിനാൽ തിരിച്ചെട്ട ത്തിരുന്നു. തിരിച്ചെടുക്കൽ നടപടിക്കെതിരെ യൂണിറ്റ് ഉടമകൾ കലക്ടർക്ക് പരാതി നൽകുകയും ഹൈക്കോടതിയിൽ കേസ് നൽകുകയും ചെയ്തു. ഇവ അന്തിമ തീരുമാനമാകുന്ന മുറയ്ക്കേ തുടർ നടപടികൾ തുടരാൻ കഴിയു. സിഡ്കോയുടെ വർക്കല മിനി വ്യവസായ എസ്റ്റേറ്റിലെ ഷെഡ്ഡ് നമ്പർ 7 ശ്രീ. ഷിബുദാസ് എന്ന വ്യവസായിയ്ക്ക് മെ. ദാസ് ഇലക്ട്രോപ്ലേറ്റിങ് എന്ന യൂണിറ്റ് ആരംഭിക്കുന്നതിനായി അനുവദി ച്ചിരുന്നു. യൂണിറ്റ് പ്രവർത്തനരഹിത മായതിനാലും വാടക കുടിശ്ശിക വരുത്തിയതിനാലും തിരിച്ചെടുക്കൽ ഉത്തരവ് നൽകുകയുണ്ടായി. ടി ഉത്തരവിനെതിരെയുണ്ടായിരുന്ന കേസിൽ 30/01/2020-ലെ വിധിപ്രകാരം 50000/- രൂപ 3 ആഴ്ചയ്ക്കുള്ളിൽ ടി സ്ഥാപനം സിഡ്കോയ്ക്ക് ഒടുക്കാൻ ഉത്തരവാകുകയും ചെയ്തു. ടിയാൻ 31/01/2020-ൽ പ്രസ്തുത തുക ഒടുക്കുകയും ചെയ്തു. എന്നാൽ അനുവദിച്ച ഷെഡ്ഡിൽ വ്യവസായം |

| | | | |
|---|---|---|---|
| | | | ആരംഭിക്കാതെയിരുന്നതിനാലും ബാക്കിയുള്ള വാടക കുടിശ്ശിക ഈടാക്കുന്നതിനും 22/02/2021-ൽ യുണിറ്റിന്റെ എവിക്ഷൻ നടപടികൾ പൂർത്തിയാക്കി നിലവിൽ ഷെഡ്ഡ് വ്യവസായ സംരംഭകർക്ക് അനുവദിക്കുന്നതിന് അപേക്ഷകൾ ലഭിക്കുകയും പ്രസ്തുത അപേക്ഷകൾ ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയുടെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ